(സി) ഈ രംഗത്ത് നടത്തിയ തീവ്രയത്ന പരിപാടിയിലൂടെ എന്തു തുക വിലവരുന്ന പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു;

(ഡി) ഇതുമൂലം എത്ര തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാൻ കഴിഞ്ഞതായി കണക്കാക്കപ്പെടുന്നു;

(ഇ) ഈ സാമ്പത്തിക വർഷം പച്ചക്കറി ഉൽപ്പാദനരംഗത്ത് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പച്ചക്കറിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്ത മാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കിവരുന്നത്. 2000 വർഷത്തോടെ ലക്ഷ്യം പ്രാപിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം 1997-98, 1998-99 കാലഘട്ടത്തിൽ 5.56 ലക്ഷം ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചു. ഇതുമൂലം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറിയുടെ ഇറക്കുമതി 40 ശതമാനമായി കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതിപ്രകാരം 1997-98 ൽ 230 കോടിരൂപ വിലവരുന്ന 2.3 ലക്ഷം ടൺ പച്ചക്കറിയും 1998-99 ൽ 300 കോടി രൂപ വിലവരുന്ന 3.26 ലക്ഷം ടൺ പച്ചക്കറിയും ഉൽപ്പാദിപ്പിച്ചു.

(ഡി) രണ്ടുവർഷങ്ങളിലായി ഇതുവരെ 35 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

(ഇ) 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി' ഒരു തുടർ പദ്ധതിയാണ്. ഹരിതസംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, പച്ചക്കറികൃഷി നടപ്പാക്കുന്ന വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.

**119 (1085) ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ നൽകുന്നതിനുള്ള പരിപാടികൾ**

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദിപ്പിച്ച് കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിന് ഉദ്ദേശിച്ചുള്ള പരിപാടികൾ ഏതെല്ലാമാണ്;

(ബി) ഇതു വിജയകരമായി നടക്കുന്നുണ്ടോ എന്നറിയിക്കുമോ;

(സി) എങ്കിൽ അയൽസംസ്ഥാനത്തുനിന്ന് പച്ചക്കറികൾ വാങ്ങുന്നതിന് എത്ര മാത്രം കുറവ് വന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെങ്കിലും ഉല്പന്നത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പച്ചക്കറി സ്വയംപര്യാപ്തമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം ഹരിത സംഘങ്ങൾ മുഖേന ഉല്പാദിപ്പിക്കുന്ന പച്ചക്കറി, ഹോർട്ടി കോർപ്പ് നേരിട്ട് സംഭരിച്ച് ഹരിതസ്റ്റാളുകൾ മുഖേന, പൊതുമാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു. ഹരിതസംഘങ്ങൾ നേരിട്ടു നടത്തുന്ന സ്റ്റാളുകൾ മുഖേനയും പച്ചക്കറി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു. കൂടാതെ കെ.എച്ച്.ഡി.പി. സംസ്ഥാനത്ത് ഏഴു ജില്ലകളിൽ സ്വാശ്രയ കർഷക വിപണികൾ സ്ഥാപിച്ച് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നു.

(ബി) ഉണ്ട്

(സി) 40% ആയി കുറഞ്ഞിട്ടുണ്ട്.

(ഡി)&(ഇ) ഉണ്ട്. പാവൽ, പടവലം, വെള്ളരി, പയർ, ചേന എന്നിവ.

**120 (1086) പഴം- പച്ചക്കറി സംസ്കരണശാല**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പഴം-പച്ചക്കറി സംസ്കരണശാലകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയൊക്കെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് കേരളത്തിൽ പഴം-പച്ചക്കറി സംസ്കരണശാല സ്ഥാപിക്കുന്നതിനുവേണ്ടി സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സംസ്കരണശാലകൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ഏതെങ്കിലും പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാശംങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എച്ച്.ഡി.പി. യുടെ കീഴിൽ മൂവാറ്റുപുഴയിലെ ആവോലിയിൽ ഒരു പഴം സംസ്കരണശാല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുനലൂരിലുള്ള കേരള ആഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിന്റെ വികസനത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു ലഘുപാനീയ/പഴ സംസ്ക്കരണശാല സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly